# ജനാധിപത്യത്തെ കശാപ്പുചെയ്ത 25 വർഷങ്ങൾ

**ഇന്ത്യയിൽ** നവഉദാരവത്കരണ നയങ്ങൾക്ക് തുടക്കം കുറിച്ചിട്ട് 25 വർഷം ഈ ജൂൺ മാസത്തിൽ പൂർത്തിയായിരിക്കുകയാണ്. തൊണ്ണൂറുകളുടെ തുടക്കത്തിലെ സാമ്പത്തിക പരിഷ്കരണങ്ങളെ തുടർന്നുണ്ടായ 'വികസനക്കുതിപ്പുകൾ' കിതപ്പിന്റെ അത്യുച്ചത്തിൽ നിൽക്കുന്ന ഈ വർത്തമാനകാലത്ത്, പരിഷ്കരണങ്ങൾ ഇന്ത്യയ്ക്ക് എന്താണ് സംഭാവന ചെയ്തത് എന്ന ചർച്ചയ്ക്ക് വലിയ പ്രാധാന്യമുണ്ട്. മൂലധനശക്തികളുടെ താത്പര്യങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ട ശേഷം എന്താണ് ഇന്ത്യയിൽ സംഭവിച്ചത്? കോർപ്പറേറ്റുകൾക്ക് വിഭവങ്ങൾ യഥേഷ്ടം കൊള്ളയടിക്കാൻ അവസരമൊരുക്കുന്ന പ്രക്രിയയുടെ പേരായി 'വികസനം' മാറ്റപ്പെടുകയും പാരിസ്ഥിതിക ദുരന്തങ്ങൾ വർദ്ധിക്കുകയും ചെയ്തു എന്നതാണ് ഈ 25 വർഷത്തിന്റെ ബാക്കിപത്രം. ഇന്ത്യയിലെമ്പാടും വിഭവസംരക്ഷണത്തിനായുള്ള ഒട്ടേറെ ജനകീയ സമരങ്ങൾ ഉയർന്നുവന്ന 25 വർഷം കൂടിയായിരുന്നു ഇത് എന്നത് യാദൃശ്ചികമല്ല. ഇന്ത്യയിലെ എല്ലാ ഭരണവർഗ്ഗ രാഷ്ട്രീയ പാർട്ടികളും ദേശീയ-സംസ്ഥാന സർക്കാറുകളും നവഉദാരവത്കരണ നയങ്ങളെ സ്വാംശീകരിച്ചു കഴിഞ്ഞതിനാൽ നയപരമായ വ്യത്യാസങ്ങൾ 25 വർഷം പിന്നിടുമ്പോൾ രാജ്യത്തെവിടെയും കാണാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതേസമയം, അഴിമതിയും സ്വജനപക്ഷപാതവും ചങ്ങാത്തമുതലാളിത്തവും വിഭവങ്ങളുടെ അനിയന്ത്രിതമായ ചൂഷണവും ആസൂത്രിതമായ നീതിനിഷേധങ്ങളും കൂടുതൽ പ്രകടമായിരിക്കുന്നു. ജനാധിപത്യത്തിന്റെ അവശേഷിക്കുന്ന തുരുത്തുകൾ പോലും അന്യമാവുകയാണ്.

വിപണിശക്തികൾക്ക് അനിയന്ത്രിതമായ സ്വാതന്ത്ര്യം അനുവദിക്കപ്പെട്ട ഉദാരവത്കരണനയങ്ങളും അതുമുന്നോട്ടുവച്ച വികസന മാതൃകകളും പ്രതിസന്ധികൾ നേരിട്ടുതുടങ്ങിയതിന്റെ സൂചനകൾ ഈ 25-ാം വർഷത്തിൽ പല മേഖലകളിലും ദൃശ്യമാണ്. കേരളത്തിൽ അടുത്തിടെയുണ്ടായ ഒരു ഉദാഹരണമെടുക്കാം. കേരളത്തിലെ ആറു നഗരങ്ങളിൽ 10 വർഷം പഴക്കമുള്ള, 2000 സി.സിക്ക് മുകളിലുള്ള ഡീസൽ വാഹനങ്ങൾ ഒരു മാസത്തിനുള്ളിൽ ഒഴിവാക്കണമെന്ന് മെയ് 27ന് ഹരിതട്രിബ്യൂണൽ ഉത്തരവിടുകയുണ്ടായി. കെ.എസ്.ആർ.ടി.സി അടക്കമുള്ള പൊതുഗതാഗത സംവിധാനത്തെ ബാധിക്കും എന്നതിനാൽ ഈ ഉത്തരവിൽ ചില നീതിനിഷേധങ്ങളുണ്ട്. എന്നാൽ എന്തുകൊണ്ടാണ് ഇത്തരമൊരു വിധിയുണ്ടാകുന്ന സാഹചര്യത്തിലേക്ക് കേരളവും എത്തിയെന്ന് ചിന്തിക്കേണ്ടതുണ്ട്. ആഡംബരക്കാറുകളുടെ ഒരു വലിയ വിപണിയായി കേരളവും മാറുകയാണ്. നഗര-ഗ്രാമ വ്യത്യാസങ്ങളില്ലാത്തവിധം ഗതാഗതക്കുരുക്ക് എല്ലാ റോഡുകളെയും സ്തംഭിപ്പിച്ചിരിക്കുന്നു. നഷ്ടമാകുന്ന സമയത്തിന്റെ പ്രശ്നം മാത്രമായാണ് ഇത് പലർക്കും അനുഭവപ്പെടുന്നത്. എന്നാൽ ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്ന ഊർജ്ജ നഷ്ടത്തെയും അന്തരീക്ഷ മലിനീകരണത്തെയും കുറിച്ച് നമ്മൾ എത്രമാത്രം ചിന്താകുലരാണ്? വാഹനങ്ങളുടെ പുകയോടൊപ്പം പുറന്തള്ളപ്പെടുന്ന ആഴ്സനിക്, ബെൻസീൻ, കാഡ്മിയം, ലെഡ്, നിക്കൽ, കാർബൺ തുടങ്ങിയ മാരക വിഷപദാർത്ഥങ്ങളെല്ലാം കാൻസറിന് കാരണമാകുന്നവയാണ്. യു.എൻ ഏജൻസിയായ ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ തന്നെ ഇതിന്റെ പ്രശ്നങ്ങൾ വിശദമാക്കിയിട്ടുണ്ട്. പക്ഷെ, വാഹനനിർമ്മാതാക്കളെ പിണക്കാൻ താത്പര്യമില്ലാത്ത സർക്കാറുകളൊന്നും വാഹനനിയന്ത്രണത്തിന്റെ കാര്യത്തിൽ ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ഉദാരവത്കരണ വികസന മാതൃകകളുടെ പ്രതിസന്ധിയായി അവർ ഇതിനെ കാണാൻ താത്പര്യപ്പെടുന്നുമില്ല. ഹരിത ട്രിബ്യൂണൽ ഉത്തരവിനെതിരെ പ്രതിഷേധം വ്യാപകമായതോടെ കേരള ഹൈക്കോടതി രണ്ട് മാസത്തേക്ക് ഉത്തരവ് സ്റ്റേ ചെയ്തു. സാവകാശം അനുവദിക്കണം എന്ന വാദത്തിന്മേലാണ് സ്റ്റേ. ഈ രണ്ടു മാസത്തെ ഇടവേളയിൽ കേരളം എന്താണ് ചെയ്യാൻ പോകുന്നത്? ഹരിത ട്രിബ്യൂണൽ ഉത്തരവിന്റെ പ്രായോഗിക പ്രശ്നങ്ങൾ എന്തെല്ലാമായാലും അതുയർത്തിയ ആശങ്കകൾ പരിഗണിക്കാതെ പോകുന്നത് ആത്മഹത്യാപരമാണ്. ഗതാഗത സങ്കൽപ്പങ്ങളിൽ സമഗ്രമായ പൊളിച്ചുപണി നടത്താതെ മറ്റുമാർഗ്ഗങ്ങളില്ല. എന്നിട്ടും ഗതാഗതക്കുരുക്കിന് പരിഹാരമായി ജനങ്ങളെ കുടിയൊഴിപ്പിച്ചുകൊണ്ട് കേരളത്തിലെ റോഡുകൾ 45 മീറ്ററിൽ വികസിപ്പിക്കേണ്ടതിനെക്കുറിച്ചാണ് നമ്മുടെ മുഖ്യമന്ത്രിയടക്കം സംസാരിക്കുന്നത്. പൊതുനിരത്തുകൾ സ്വകാര്യവത്കരിക്കുന്നതിനും ജനങ്ങളെ കൊള്ളയടിച്ച് ചുങ്കം പിരിക്കുന്നതിനും വേണ്ടിയാണ് 45 മീറ്ററായി റോഡുവികസിപ്പിക്കുന്നതെന്ന് ഇടപ്പള്ളി-മണ്ണുത്തി ദേശീയപാതയുടെ വികസനാനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. കുടിയൊഴിക്കപ്പെടുന്ന ഒട്ടേറെ ജനങ്ങൾ ചുങ്കപ്പാതയ്ക്കെതിരെ സമരത്തിലുമാണ്. ഇതൊന്നും കണ്ടില്ലെന്ന് നടിച്ച്, ധാർഷ്ട്യത്തോടെ മുന്നോട്ടുപോകാൻ കഴിയുന്ന സർക്കാറുകളാണ് ഉദാരവത്കരണ നയങ്ങളുടെ 25 വർഷത്തെ സംഭാവന.

കേന്ദ്ര സർക്കാറിന്റെ ഇടപെടലുകളും ഒട്ടും ഭിന്നമല്ല. ഊർജ്ജരംഗത്തെക്കുറിച്ച് സമഗ്രമായ പുനർചിന്ത വേണ്ട ഒരു കാലത്തും ആണവവിതരണ രാജ്യങ്ങളുടെ സംഘത്തിൽ (എൻ.എസ്.ജി) അംഗമാകാനുള്ള ശ്രമങ്ങൾക്കാണ് ഇവിടെ മുൻഗണന എന്ന് നമ്മൾ കഴിഞ്ഞമാസം കണ്ടു. ആണവോർജ്ജത്തിന്റെ സാദ്ധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനായി, ആണവ സാമഗ്രികളുടെയും ധാതുക്കളുടെയും ഇറക്കുമതി വർദ്ധിപ്പിക്കുന്നതിനായാണ് എൻ.സി.ജി അംഗത്വത്തിനായി 'കഷ്ടപ്പെടുന്നതെന്നാണ്' സർക്കാർ ഭാഷ്യം. ആണവോർജ്ജത്തിന്റെ സാധ്യതകൾ വിപുലപ്പെടുത്താനെന്നപേരിൽ വൈദേശിക-വാണിജ്യ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനാണ് മൻമോഹൻ സിംഗിനെപ്പോലെ നരേന്ദ്രമോദിയും ശ്രമിക്കുന്നത്. ഊർജ്ജോത്പാദനമല്ല, രാഷ്ട്രീയ ബലതന്ത്രമാണ് ഇവരുടെ പ്രശ്നം എന്ന് വ്യക്തമാണ്. ഇന്ത്യയുടെ ഊർജ്ജമേഖലയിലെ ആണവോർജ്ജത്തിന്റെ ശുഷ്കമായ പങ്ക്, എത്ര വിദേശ റിയാക്ടറുകൾ വന്നാലും കൂടാൻ പോകുന്നില്ലെന്ന് ഒട്ടേറെ അനുഭവങ്ങളും പഠനങ്ങളും ഇതിനകം വ്യക്തമാക്കിയിട്ടുണ്ട്. ഫുക്കുഷിമ ദുരന്തത്തെത്തുടർന്ന് വികസിത രാജ്യങ്ങളെല്ലാം ആണവനിലയങ്ങൾ അടച്ചുപൂട്ടുമ്പോഴും ആണവസാമഗ്രികളുടെ ഇറക്കുമതിക്കായി ഇന്ത്യ തുടർച്ചയായി മുറവിളി കൂട്ടുന്നതിന് പിന്നിലെ താത്പര്യങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. നരേന്ദ്രമോദി നടത്തിയ വിദേശ യാത്രകളിലെല്ലാം ആണവ സഹകരണം ഒരു വിഷയമായി വന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ആണവ സഹകരണ കരാറുകളിലെയെല്ലാം ഒരു പ്രധാന നിബന്ധന ഇന്ത്യൻ വിപണിയെ കൂടുതൽ ഉദാരവത്കരിക്കുക എന്നതാണെന്ന് ഇന്ത്യ-യു.എസ് ന്യൂക്ലിയർ കരാറിലെ വ്യവസ്ഥകൾ പുറത്തുവന്നപ്പോൾ നമ്മൾ കണ്ടതാണ്. ചുരുക്കൽ, ഇന്ത്യ നല്ലൊരു വിപണിയാണെന്ന് മനസ്സിലാക്കിയ ആഗോള മൂലധനശക്തികളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി പൂർണ്ണവിധേയത്വത്തിലേക്ക് എങ്ങനെ ഒരു ജനാധിപത്യ രാജ്യത്തിന് നീങ്ങാം എന്നതിന്റെ 25 വർഷങ്ങൾ കൂടിയാണ് കടന്നുപോയത്. ജനാധിപത്യപരമായ ചെറുത്തുനിൽപ്പുകൾ ഉണ്ടാകുന്നുണ്ട് എന്നതാണ് ആശ്വാസം. ■